"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് – എഞ്ചിനീയറിംഗ് വിഭാഗം- ജീവനക്കാര്യം – തദ്ദേശ സ്വയംഭരണ വകുപ്പിൽ ഓവർസീയർ ഗ്രേഡ് III ആയ ശ്രീ. ഉണ്ണികൃഷ്ണൻ നായർ കെ.-ക്ക് മെഡിക്കൽ റീഇംബേഴ്സ്മെന്റ് അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ(ഇ.ഡബ്ല്യൂ) വകുപ്പ്**

**സ.ഉ.(സാധാ) നം.2598/2019/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 18/11/2019

---

പരാമർശം:- 1. ശ്രീ. ഉണ്ണികൃഷ്ണൻ നായർ കെ. സമർപ്പിച്ച 29.03.2018 ലെ മെഡിക്കൽ റീഇംബേഴ്സ്മെന്റ് അപേക്ഷ.

2. തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 15.05.2019, 02.11.2019 തീയതികളിലെ ഇ17-15092/2017/സി.ഇ/തസ്വഭവ നമ്പർ കത്തുകൾ.

3. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 11.04.2019 ലെ (എൽ.ഡിസ്. ) എം.ആർ.4-50275/2018/ആവഡ. നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

പത്തനംതിട്ട ജില്ലയിലെ റാന്നി/പഴവങ്ങാടി ഗ്രാമ പഞ്ചായത്തിലെ എൽ.എസ്.ജി.ഡി എഞ്ചിനീയറിംഗ് വിഭാഗം മൂന്നാംതരം ഓവർസിയർ ആയ ശ്രീ.ഉണ്ണികൃഷ്ണൻ നായർ.കെ-യ്ക്ക് കൊച്ചി അമൃത ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ് & ടെക്നോളജിയിൽ ഹൃദയസംബന്ധമായ ചികിൽസയ്ക്ക് 31.10.2017 മുതൽ 20.11.2017 വരെ ചെലവായ ₹ 3,49,513/- രൂപ (മൂന്ന് ലക്ഷത്തി നാല്പത്തി ഒൻപതിനായിരത്തി അഞ്ഞൂറ്റി പതിമൂന്ന് രൂപ മാത്രം) പ്രതിപൂരണം ചെയ്ത് നൽകണമെന്ന് പരാമർശം 1 പ്രകാരം അഭ്യർത്ഥിച്ചിട്ടുണ്ട്. ഇക്കാര്യം പരാമർശം: 2 പ്രകാരം തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എൻജിനീയർ ശുപാർശ ചെയ്തിട്ടുണ്ട്.

2. ശ്രീ. ഉണ്ണികൃഷ്ണൻ നായർ കെ.-യുടെ അപേക്ഷയിന്മേൽ പ്രതിപൂരണം ചെയ്യുന്നതിന് അനുവദനീയമായ തുക ₹ 2,37,428/- രൂപ (രണ്ട് ലക്ഷത്തി മുപ്പത്തി ഏഴായിരത്തി നാനൂറ്റി ഇരുപത്തി എട്ട് രൂപ മാത്രം) ആണെന്ന് ആരോഗ്യ വകുപ്പ് ഡയറക്ടർ പരിശോധിച്ച് പരാമർശം 3 പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയുണ്ടായി. പത്തനംതിട്ട ജില്ലയിലെ റാന്നി/പഴവങ്ങാടി ഗ്രാമ പഞ്ചായത്തിലെ എൽ.എസ്.ജി.ഡി എഞ്ചിനീയറിംഗ് വിഭാഗം മൂന്നാംതരം ഓവർസിയർ ആയ ശ്രീ. ഉണ്ണികൃഷ്ണൻ നായർ കെ.-യ്ക്ക് കൊച്ചി അമൃത ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻ സസ് & ടെക്നോളജിയിൽ ഹൃദയസംബന്ധമായ ചികിൽസയ്ക്ക് 31.10.2017 മുതൽ 20.11.2017 വരെയുള്ള കാലയളവിൽ ചെലവായ തുകയിൽ ആരോഗ്യ വകുപ്പ് ഡയറക്ടർ അനുവദിക്കാമെന്ന് അറിയിച്ചിരിക്കുന്ന തുകയുടെ 80 % ആയ ₹1,89,942/ - രൂപ (ഒരു ലക്ഷത്തി എൺപത്തി ഒൻപതിനായിരത്തി തൊള്ളായിരത്തി നാല്പത്തി രണ്ട് രൂപ മാത്രം) പ്രതിപൂരണം ചെയ്യുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു. മേൽ തുക 2515-00-001-92-01" എന്ന ഹെഡ് ഓഫ് അക്കൗണ്ടിൽ നിന്നും ചിലവഴിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**ഗോപകുമാർ യു**

**അണ്ടർ സെക്രട്ടറി**

1. ശ്രീ. ഉണ്ണികൃഷ്ണൻ നായർ കെ., ഓവർസീയർ ഗ്രേഡ് III (*തസ്വഭവ ചീഫ് എഞ്ചിനീയർ മുഖേന*)
2. ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം

   (ബില്ലുകളും അനുബന്ധ രേഖകളും സഹിതം).
3. അക്കൗണ്ടന്റ് ജനറൽ (എ & ഇ/ഓഡിറ്റ്) കേരള, തൃശ്ശൂർ
4. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
5. ധനകാര്യ വകുപ്പ് (23-09-2019ലെ 1275741/L 3/485/2019-Fin നമ്പർ കുറിപ്പ് പ്രകാരം)
6. വെബ്&ന്യൂമീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്.
7. കരുതൽ ഫയൽ / ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ